ഒരു ദിവസം നീണ്ടുനിന്ന യോഗത്തിനുണ്ടായ ചെലവുകളുടെ ഇനം തിരിച്ച് കണക്കുകൾ ക്രമാകരിച്ചുവരുന്നതേയുള്ളൂ. ഇതുവരെ ലഭിച്ച ബില്ലുകൾ പ്രകാരം 161876 രൂപ ചെലവായിട്ടുണ്ട്. ചെലവുകൾ സംബന്ധിച്ച ബില്ലുകൾ ഇനിയും ലഭിക്കാനുണ്ട്. അതും കൂടി ലഭിച്ചാൽ മാത്രമേ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ അവശ്യസാധനങ്ങളുടെ വില ഏകീകരണം

116(1373) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ചേർന്ന ദക്ഷിണേന്ത്യൻ ഭക്ഷ്യ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ ഏതെല്ലാം സംസ്ഥാനങ്ങളിലെ ഭക്ഷ്യമന്ത്രിമാർ പങ്കെടുത്തു എന്ന് വെളിപ്പെടുത്തുമോ;

(ബി) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് പ്രസ്തുത യോഗത്തിലുണ്ടായ തീരുമാനങ്ങൾ വ്യക്തമാക്കുമോ;

(സി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായി മേഖലാസമിതി രൂപീകരിക്കുന്നതുമൂലം ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(ഡി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ അവശ്യസാധനങ്ങളുടെ വില ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനങ്ങളെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളം, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിമാർ 3-2-2011-ലെ യോഗത്തിൽ പങ്കെടുത്തു.

(ബി-ഡി) ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ ഈ സംസ്ഥാനങ്ങളിലെ മന്ത്രിമാരും സെക്രട്ടറിമാരും ഉന്നത ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കൺസൽട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കുക, സംസ്ഥാനങ്ങളുടെ നിർദ്ദേശം കൂടി കണക്കിലെടുത്ത് ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുക ചില ഭക്ഷ്യോല്പന്നങ്ങൾക്ക് ചില സീസണുകളിൽ ഉണ്ടാകുന്ന ദൗർലഭ്യം കണക്കിലെടുത്ത് മെട്രോ നഗരങ്ങളിൽ കർഷക ചന്തകൾ ആരംഭിക്കുക, വിലക്കയറ്റം സംബന്ധിച്ച് ജനങ്ങൾക്കുള്ള പരാതി സ്വീകരിക്കാൻ ന്യൂഡൽഹിയിലും സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ കാര്യക്ഷമമാക്കുക, ഭക്ഷ്യോല്പന്നങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് ആവശ്യമുള്ള നടപടികൾ സ്വീകരിക്കുക, അവശ്യ സാധന നിയമത്തിൽ വേണ്ടുന്ന ഭേദഗതി വരുത്തുക, പൊതു വിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക തുടങ്ങിയ തീരുമാനങ്ങളാണ് യോഗത്തിൽ കൈക്കൊണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ പരസ്പര സഹകരണത്തിലൂടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ പൊതുവായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും മെട്രോ നഗരങ്ങളിൽ കർഷക ചന്തകൾ ആരംഭിക്കുന്നതിലൂടെ അവരുടെ ഉല്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കുന്നതിനും പ്രസ്തുത യോഗം സഹായകരമായിരിക്കുമെന്നു കരുതുന്നു.

ഹോട്ടൽ ഭക്ഷണത്തിന്റെ വില നിയന്ത്രണത്തിന് നിയമനിർമ്മാണം

117(1374) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരങ്ങളിലെ ഹോട്ടലുകളിൽ ഭക്ഷ്യസാധനങ്ങൾക്ക് ഈടാക്കുന്ന വില നിയന്ത്രിക്കാൻ നിയമപരമായി സർക്കാരിന് സാധിക്കുമോ; ഇല്ലെങ്കിൽ അവശ്യവസ്തു നിയമത്തിന്റെ കീഴിൽ കൂടുതൽ ഭക്ഷ്യസാധനങ്ങളെ ഉൾപ്പെടുത്താൻ നിയമനിർദ്ദേശം നടപടികൾ ആരംഭിക്കുമോ;

(ബി) ഹോട്ടലുകളിൽ ഭക്ഷ്യസാധനങ്ങൾക്ക് അമിതമായി വില ഈടാക്കുന്നത് തടയുന്നതിനും, വിലനിലവാരം രണ്ടാഴ്ച കൂടുമ്പോൾ പരിശോധിക്കാനും ആധികാരിക സ്വഭാവമുള്ള ഒരു കമ്മീഷൻ രൂപീകരിക്കാൻ നിയമനിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ബി) സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷ്യസാധനങ്ങൾക്ക് ഈടാക്കുന്ന വില നിയന്ത്രിക്കാൻ നിലവിലുള്ള നിയമപ്രകാരം സർക്കാരിനു കഴിയുകയില്ല. എന്നാൽ ഹോട്ടലുകളിലെ ഭക്ഷ്യ സാധനങ്ങളുടെ വില നിലവാരം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ജില്ലാ തലത്തിലും താലൂക്ക് തലത്തിലും പരിശോധനകളും റെയ്ഡുകളും കർശനമാക്കുകയും വില വിവരപ്പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കണമെന്ന കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വില വിവര പട്ടിക പ്രദർശിപ്പിക്കാത്ത ഹോട്ടലുടമകൾക്കെതിരെ 1977-ലെ ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ ഹോട്ടലുകളിലെ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഗ്രേഡിംഗ് നടത്തി ഭക്ഷണ സാധനങ്ങളുടെ വില ഏകീകരിക്കുന്നതിന് സെക്രട്ടറിതല കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചു വരുന്നു.

വിലനിലവാരം നിയന്ത്രണ വിധേയമാക്കുന്നതിനായി കൂടുതൽ മാവേലി ഹോട്ടലുകൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly